## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3419

16.12.2015-ൽ മറുപടിക്ക്

### തെരുവു നായ്ക്കളെ നശിപ്പിക്കുന്നതിന് സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.മോയിൻ കുട്ടി | | ഡോ: എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര മൃഗ പ്രജനന നിയമപ്രകാരം, അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് വിലക്ക് നിലവിലുണ്ടോ; | (എ) | കേന്ദ്ര മൃഗ പ്രജനന നിയമപ്രകാരം നായ്ക്കളെ വന്ധ്യംകരിച്ച് പേവിഷ പ്രതിരോധ കുത്തിവെയ്പ് നൽകുന്ന നടപടികളാണ് നിലവിലുള്ളത്. |
| (ബി) | പേയുള്ളതോ, ആക്രമണകാരികളോ ആയ നായ്ക്കളിൽ നിന്നും പൊതുജനങ്ങൾക്ക് സംരക്ഷണം നല്കുന്ന കാര്യത്തിൽ പ്രസ്തുത നിയമത്തിലോ മറ്റേതെങ്കിലും നിയമത്തിലോ എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (ബി) | 1960-ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമത്തിലെ സെക്ഷൻ 13 പ്രകാരം പേവിഷ ബാധയുള്ള നായ്ക്കളെ കൊന്ന് നശിപ്പിക്കാവുന്നതാണ്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.07.2015-ന് കൂടിയ യോഗ തീരുമാന പ്രകാരം അപകടകാരികളും പേവിഷബാധയുള്ളതുമായ നായ്ക്കളെ നിരീക്ഷണ വിധേയമാക്കിയതിനു ശേഷം കൊല്ലുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ആക്രമണകാരികളായ തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും, അവയിൽ നിന്നുള്ള ഗുരുതര ആക്രമണങ്ങൾ മൂലം മനുഷ്യർക്കും മറ്റു വളർത്തു ജീവികൾക്കും ജീവഹാനി ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്യുന്ന അവസ്ഥ നേരിടാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്; | (സി) | സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനും ജനങ്ങളുടെ ജീവനു ഭീഷണിയാകുന്ന തെരുവ് നായ്ക്കളുടെ വർദ്ധനവ് തടയുന്നതിനുമായി സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഊർജ്ജിതമായ ശ്രമം നടന്നുവരുന്നു. എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ നഗരസഭകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മൃഗ സംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയും എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിനാണ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | നിലവിലെ സംവിധാനങ്ങൾ ജനങ്ങൾക്കും മറ്റു വളർത്തു ജീവികൾക്കും തെരുവുനായ്ക്കളിൽ നിന്നും സംരക്ഷണം നല്കാൻ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ എന്തു നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. നിലവിലെ നിയമത്തിൽ തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിനും വാക്സിനേഷൻ നടത്തുന്നതും സംബന്ധിച്ചുള്ള നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ